**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1304** — **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്വദേശി ദർശൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ടൂറിസം ഡവലപ്മെന്റ് അറ്റ് മലങ്കര ഡാം സറൗണ്ടിങ്സ് & ഇടുക്കി ഡാം സറൗണ്ടിങ്സ് എന്ന പദ്ധതിക്കായി വിശദ പദ്ധതി രേഖ(ഡി. പി. ആർ.) 14.06.2021ൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. |
| (ബി) | തൊടുപുഴ മലങ്കര ഡാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | റിസർവോയർ ബേസ്ഡ് ടൂറിസം ഡസ്റ്റിനേഷൻ ടൂറിസ്റ്റ് ഹബ് അറ്റ് മലങ്കര എന്ന പദ്ധതിക്ക് 2014ൽ 2.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അമിനിറ്റി സെന്ററിൽ ഷോപ്പുകൾ, ഗ്യാലറി, ടോയ് ലറ്റ്, നടപ്പാത എന്നീ ഘടകങ്ങളാണ പദ്ധതിയിലുള്ളത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിർമാണം പൂർത്തിയാക്കി. എന്നാൽ ഡി. ടി. പി. സിയുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ പരിഹരിക്കാനുള്ള നടപടികളാണ നിലവിൽ പുരോഗമിക്കുന്നത്. പദ്ധതി പ്രദേശത്ത് പാത്ത് വേ, ലൈറ്റിങ്, റെയിൻ ഷെൽറ്റർ, ലാൻഡ് സ്കേപിങ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രൊപ്പോസൽ തയാറാക്കാൻ 23.06.2022ൽ ബഹു. എം. എൽ. എ. അധ്യക്ഷനായി ചേർന്ന മലങ്കര ഡാം പദ്ധതിയുടെ ഭരണ സമിതി യോഗം തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ